LIBRARY ARCHIVES Kerala Legislative Assembly

(27) ശിവഗിരിക്ക് സമീപമുള്ള റെയിൽവേ ഗേറ്റ് അടച്ചിരിക്കുന്നതുമൂലം തീർത്ഥാടകരും നാട്ടുകാരും അനുഭവിക്കുന്ന പ്രയാസങ്ങൾ

ശ്രീ വർക്കല കഹാർ: സർ, ശ്രീനാരായണഗുരുദേവന്റെ മഹാസമാധി സ്ഥലമായ ശിവഗിരിയിലെ തീർത്ഥാടന ഘോഷയാത്ര, ജയന്തി ഘോഷയാത്ര എന്നിവ കടന്നുപോകുന്ന റോഡിന്റെ റെയിൽവേ ഗേറ്റ് ഒരു വർഷത്തിനുമുമ്പ് അടയ്ക്കുകയുണ്ടായി. തീർത്ഥാടകർക്കും സഞ്ചാരികൾക്കും നാട്ടുകാർക്കും ഇതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ വളരെ വലുതാണ്. ഇത് പഴയതുപോലെ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് തടസ്സം സാമ്പത്തികബാധ്യതയാണെങ്കിൽ അത് വഹിക്കാൻ തയ്യാറാണെന്ന് വർക്കല മുനിസിപ്പാലിറ്റി രേഖാമൂലം റെയിൽവേയെ അറിയിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ റെയിൽവേയുടെ ചുമതല വഹിക്കുന്ന സംസ്ഥാന മന്ത്രി, റെയിൽവേ അധികൃതർ, എം.എൽ.എ., എം.പി., മുനിസിപ്പൽ അധികൃതർ, ശിവഗിരി മഠത്തിന്റെ പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ച് പ്രശ്നപരിഹാരം ഉണ്ടാക്കിത്തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സംസ്ഥാന സർക്കാരും റെയിൽവേയുമായി ഒപ്പുവച്ചിട്ടുള്ള ഉടമ്പടിപ്രകാരം സംസ്ഥാനത്തെ എല്ലാ മേൽപ്പാലങ്ങളുടെയും കീഴ്പ്പാലങ്ങളുടെയും നിർമ്മാണച്ചെലവ് സംയുക്തമായി വഹിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. നിർമ്മാണശേഷം സംസ്ഥാനത്ത് നിലവിലുള്ള ലെവൽ ക്രോസ്സിംഗുകൾ സ്ഥിരമായി അടയ്ക്കപ്പെടുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് റോഡ് ഓവർ ബ്രിഡ്ജുകളും അണ്ടർ ബ്രിഡ്ജുകളും നിർമ്മിക്കുന്നത്. ലെവൽ ക്രോസ്സുകൾ പൊതുവെ അപകടസാധ്യത കൂടുതലുള്ള മേഖലയായതിനാൽ ഇവിടെ റോഡ് സുരക്ഷയ്ക്ക് മതിയായ പ്രാമുഖ്യം നൽകേണ്ടതുണ്ട്. ഇവിടെ ഒരു പുതിയ പ്രൊപ്പോസലാണ് പറഞ്ഞിട്ടുള്ളത്. വർക്കല മുനിസിപ്പാലിറ്റി ഈ തുക അടയ്ക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ ബന്ധപ്പെട്ട ആളുകളുടെ ഒരു യോഗം ഞാൻ വിളിച്ചുകൂട്ടുന്നതാണ്. ആ യോഗത്തിൽവച്ച് പ്രശ്നപരിഹാരം ഉണ്ടാക്കാൻ കഴിയുമോ എന്ന് പരിശോധിക്കാം.

(28) ഗ്രാമപ്പഞ്ചായത്തുകളിലെ എക്സ്-സർവ്വീസുകാരെ വീട്ടുകരം അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കണമെന്ന ആവശ്യം

ശ്രീ. ടി. കെ. ദേവകുമാർ : സർ, കേരളത്തിലെ എക്സ്-സർവ്വീസുകാരെ സംബന്ധിച്ചിടത്തോളം രാജ്യസേവനം കഴിഞ്ഞ്, രാജ്യരക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട അവർ സ്വസ്ഥജീവിതം നയിക്കുമ്പോൾ 'വാറ്റ്' നടപ്പിലാക്കിയതുവഴി വളരെ ബുദ്ധിമുട്ടാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അവർ അതിന്റെ പരിധിയിലാണ്. കേരളത്തിൽ ഇപ്പോൾ പട്ടണങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യം ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന